## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3259 | | 13.03.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **പൊതുസ്ഥലങ്ങളിൽ വിസർജ്ജനം ഇല്ലാതാക്കുന്നതിനുള്ള നടപടികൾ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.പി.കെ. ശശി** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | പൊതുസ്ഥലങ്ങളിൽ വിസർജ്ജനം ഇല്ലാതാക്കാനുള്ള ഈ സർക്കാരിന്റെ പദ്ധതികൾ എന്തെല്ലാമാണ്; ആയതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | പൊതു സ്ഥലങ്ങളിൽ വിസർജ്ജനം ഇല്ലാതാക്കാൻ സ്വച്ഛ് ഭാരത് മിഷൻ പദ്ധതി പ്രകാരം നടപടി സ്വീകരിക്കുന്നു. ഗ്രാമപ്രദേശങ്ങൾ ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ (ഒ.ഡി.എഫ്) അഥവാ വെളിയിട മലവിസർജ്ജനരഹിതമായി പ്രഖ്യാപിച്ചു കഴിഞ്ഞു. നഗരപ്രദേശങ്ങളിൽ ഒ.ഡി.എഫ് പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | സംസ്ഥാനത്തെ എത്ര വീടുകളിൽ കക്കൂസ്/കുളിമുറി എന്നിവ ഉണ്ടെന്നത് സംബന്ധിച്ച് കഴിഞ്ഞ സർക്കാരോ ഈ സർക്കാരോ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2015 വർഷം സംസ്ഥാനത്തെ മുഴുവൻ വീടുകളിലും ശുചിത്വ സൗകര്യം സംബന്ധിച്ച ബേസ്ലൈൻ സർവ്വേ നടത്തി കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങളേയും കണ്ടെത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് നിലവിൽ നഗരസഭ /മുനിസിപ്പാലിറ്റി/ പഞ്ചായത്ത് മേഖലകളിൽ കക്കൂസ്/കുളിമുറി ഇല്ലാത്ത വീടുകൾ എത്ര ; വിശദാംശം ലഭ്യമാക്കുമോ; | (സി) | സംസ്ഥാനത്ത് ആകെ 203297 എണ്ണം (ഗ്രാമപ്രദേശങ്ങളിൽ 174720, നഗരപ്രദേശങ്ങളിൽ 28577) ടോയ്ലറ്റുകൾ ആവശ്യമായിരുന്നു. ഗ്രാമപ്രദേശങ്ങൾ 01.11.2016 ന് മുമ്പ് തന്നെ 174720 ടോയ്ലറ്റുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. നഗരപ്രദേശങ്ങളിൽ നിർമ്മിക്കേണ്ടിയിരുന്ന 28577 ടോയ്ലറ്റുകളിൽ ഇതുവരെ 21447 എണ്ണം നിർമ്മിച്ചു കഴിഞ്ഞു. |
| (ഡി) | പൊതുസ്ഥലങ്ങളിലെ വിസർജ്ജനം ഇല്ലാതാക്കാനുള്ള പദ്ധതികൾക്കായി എന്തെങ്കിലും കേന്ദ്രസഹായം ലഭിച്ചുവോ; എങ്കിൽ എത്രയെന്നും എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ; | (ഡി) | <u>നഗരപ്രദേശം</u><br>സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയുടെ ഭാഗമായി വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണത്തിനായി 14.99 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിക്കുകയും, അതിൽ 4.95 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുമുണ്ട്.<br><u>ഗ്രാമപ്രദേശം</u><br>സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി പ്രകാരം 98.25കോടി രൂപ കേന്ദ്രവിഹിതമായി ലഭിക്കുകയും ആയത് മുഴുവൻ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | ഇതിനായി സംസ്ഥാന സർക്കാർ എത്ര തുക വകയിരുത്തിയെന്നും എത്ര | (ഇ) | <u>നഗരപ്രദേശം</u><br>സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയ്ക്കായി സംസ്ഥാനവിഹിതമായി 9.99 കോടി രൂപ സംസ്ഥാന |

| | | | |
|---|---|---|---|
| | ചെലവാക്കിയെന്നും വ്യക്തമാക്കാമോ; | | വിഹിതമായി ലഭിച്ചു. അതിൽ 1.65 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.<br>ഗ്രാമപ്രദേശം<br>സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയ്ക്കായി 65.50കോടി രൂപ സംസ്ഥാന വിഹിതമായി ലഭിക്കുകയും ആയത് മുഴുവൻ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | നാളിതുവരെ നഗരസഭ/മുനിസിപ്പാലിറ്റി /പഞ്ചായത്ത് മേഖലകളിൽ ഈ സർക്കാർ ദൗത്യം പൂർത്തീകരിച്ചവ എത്ര എന്നും പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയ തദ്ദേശസ്ഥാപനങ്ങൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവർത്തനം സമയബന്ധിതമായി തീർപ്പാക്കി സംസ്ഥാനത്തെ പൊതുസ്ഥല വിസർജ്ജന നിർമ്മാർജ്ജന മേഖലാ സംസ്ഥാനമായി എപ്പോൾ പ്രഖ്യാപിക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ? | (എഫ്) | കേരളത്തിലെ 941 ഗ്രാമപഞ്ചായത്തുകളും വെളിയിട മലമൂത്ര വിസർജ്ജനരഹിതമായി 2016 നവംബർ ഒന്നിന് പ്രഖ്യാപിച്ചിട്ടുണ്ട്.<br>കേരളത്തിലെ 93 നഗരസഭകളും 2017 മാർച്ച് 31 ന് മുന്നേ തന്നെ കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് സൗകര്യമൊരുക്കി, കേന്ദ്ര നഗരകാര്യ വികസന മന്ത്രാലയത്തിന് വേണ്ടി ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുടെ പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം സംസ്ഥാനം പൊതുസ്ഥല വിസർജ്ജനവിമുക്ത മേഖലയായി പ്രഖ്യാപിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ